# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2023 മെയ് - ജൂൺ



# കുടുംബ വിശുദ്ധീകരണം

# SREE VINAYAKA Chappathi Corner

Live & Handmade Chappathi

## PURE VEGETARIAN


Manjummel

Mob : 9626496797 | 8891096595

| | |
|---|---|
| CHAPPATHI | 5/- |
| VEG KURUMA | 25/- |
| KADALA (CHANNA) CURRY | 25/- |
| GREEN PEAS CURRY | 25/- |
| TOMATO CURRY | 25/- |
| DHAL CURRY | 25/- |
| CHILLY GOBI | 60/- |
| PANEER BUTTER MASALA | 75/- |

**Visit Vinayaka Chappathi Centre for Health Benefits of Chappathi**





# സ്വസ്തി

2023 മെയ്– ജൂൺ

രക്ഷാധികാരി
**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, അഡ്വ. ജെഫ്രിൻ മാനുവൽ,**
**എബി റോഷിൻ, ഷാൾട്ടൻ കൊറയ,**
**ബെറ്റ്സി ബിജു, ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)



## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
മോൺ. ഇമ്മാനുവേൽ ലോപ്പസ്
മണിപ്പൂരിന്റെ രക്തസാക്ഷ്യം
പടവുകൾ താണ്ടിയ പാഠങ്ങൾ
ജാഗരൂകരാകുക
ഇടവക വാർത്തകൾ

Layout : **L.F. Press, Manjummel.**
Cover Design: **Shalton Correya Poovathumparambil**



# സംശുദ്ധിയുടെ സൂത്രവാക്യം



**ആ**യിരം ശരികൾക്കിടയിൽ ഒരു തെറ്റു കാണുമ്പോൾ അതാഘോഷിക്കാൻ വെമ്പുന്ന സമൂഹത്തിലാണ് തിരുസഭ ജീവിത വിശുദ്ധിയുടെ സന്ദേശം ഉദ്ഘോഷിക്കാൻ ആഹ്വാനം ചെയ്യുന്നത്. പുലർച്ചെ തുടങ്ങുന്ന സെൻസേഷണൽ വാർത്താ ചാനൽ മത്സരം അരുതായ്മകളുടെ ആവനാഴി തുറക്കുമ്പോൾ അന്തംവിട്ടു നിൽക്കുന്ന പ്രേഷകരാണ് നമ്മളും. ശാരീരികാരോഗ്യം നശിപ്പിക്കുന്ന എന്തിനെയും കരുതലോടെ നേരിടാൻ പഠിച്ച നമ്മൾ പക്ഷേ മനസ്സിനെയും ആത്മാവിനെയും ഹനിക്കുന്ന വ്യാധികളെ ചെറുക്കാൻ മറക്കുന്നു. ഈ തലത്തിലും വ്യക്തിശുചിത്വവും പരിസര ശുചിത്വവും ആവശ്യമാണ് എന്ന നിർബന്ധം കൈമോശം വരുന്നു. മലീമസമായ ലോകത്ത്, ഇച്ഛിക്കുന്ന നന്മയെക്കാൾ ഇച്ഛിക്കാത്ത തിന്മകൾ കൈപ്പിഴയാകുന്നു എന്ന കുറ്റബോധം  ബാക്കിയാവുന്നു. ഇവിടെ ദൈവം തന്നെയും വിധിപ്രകാരം അനുവദിച്ച സിദ്ധൗഷധമാണ് അനുതാപം. മനസ്സിന്റെ ഔദ്ധത്യം വെടിഞ്ഞാലേ അനുതാപമസൃണമായ ഹൃദയം സാധ്യമാകൂ. സ്വർഗം നഷ്ടമാക്കിയ മാലാഖ പ്രലോഭകനായപ്പോൾ അവനോട് ദൈവം, അനുതപിച്ചാൽ തിരികെ സ്വീകരിക്കാം എന്ന വ്യവസ്ഥ വച്ചിരുന്നുവത്രേ. എന്നാൽ താഴ്മയില്ലാത്ത ഞാനെന്ന ഭാവം മൂലം അവനതിനു കഴിയാതെ വിനാശത്തിന്റെ ഇരുളിലേക്ക് വീണ്ടും ഊളിയിടേണ്ടി വന്നു. ക്രൂശിതന്റെ വലംഭാഗത്തെ കള്ളനാകട്ടെ അവസാന നിമിഷം, കണ്ണീരിൽ കുതിർന്ന അനുതാപത്തിന്റെ മികവിൽ പറുദീസയും അടിച്ചുമാറ്റി! സംശുദ്ധ ജീവിതം എത്ര സാധ്യം എന്ന ചോദ്യത്തിനുള്ള പൂർത്തീകരണമാണ് ദൈവത്തിന് സർവ്വം സാധ്യം എന്ന യാഥാർഥ്യം. അതിനുള്ള പോംവഴിയോ? അനുതാപത്തിന്റെ കൂദാശയും.

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ



# ഇടയമൊഴി



**ഓരോ കുടുംബവും ഒരു ഗാർഹിക സഭയെന്നാണ്**
**രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തിരുസഭ പ്രമാണം**
**11–ാം ഖണ്ഡിക നമ്മെ പഠിപ്പിക്കുന്നത്.**

അതായത് ഒരു കുടുംബത്തിലെ അപ്പനും അമ്മയും മക്കളും ചേർന്ന് കഴിയുമ്പോൾ ആ കുടുംബം ആ ഭവനത്തിലെ ഒരു ചെറിയ സഭയായി മാറുന്നു. അതുകൊണ്ടുതന്നെ കുടുംബത്തിലെ ഓരോ അംഗത്തിനും വിശുദ്ധിയിൽ വളരുവാനുള്ള കടമ തിരുസഭ നമ്മെ വീണ്ടും പഠിപ്പിക്കുന്നു. ഏതൊരു ജീവിത സാഹചര്യമായിക്കൊള്ളട്ടെ. ഓരോരുത്തരും അവരവരുടെ രീതിയിൽ സ്വർഗസ്ഥനായ പിതാവിന്റെ പരിപൂർണത പ്രാപ്തമാക്കുവാൻ വിളിക്കപ്പെട്ടവരാണ്." (Lumen Gentium 11). ഈയൊരു വിളി വി. ഗ്രന്ഥത്തിന്റെ ആദ്യതാളുകളിൽ തന്നെ നമുക്കു കാണുവാൻ സാധിക്കും. ദൈവം അബ്രാഹത്തിനോടു പറയുന്നു. "നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്കുക" (ഉൽപത്തി 17:1).

ആഹ്ളാദിച്ചു ആനന്ദിക്കുവിൻ (Gaudete et Exsultate) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പ പറയുന്നു. "വിശുദ്ധരാകുവാൻ മാർപാപ്പയോ മെത്രാനോ അച്ചന്മാരോ സന്യസ്തരോ ആകണമെന്നില്ല, ആർക്കു വേണമെങ്കിലും അവരുടേതായ രീതിയിൽ വിശുദ്ധരാകുവാൻ സാധിക്കും. നമ്മുടെ ജീവിതം സ്നേഹത്തോടെ ജീവിക്കുവാനും, അതിനു ജീവിക്കുന്ന സാഹചര്യങ്ങളിൽ സാക്ഷികളാകുവാൻ സാധിക്കുന്നുവെങ്കിൽ നമുക്ക് വിശുദ്ധരാകുവാൻ സാധിക്കുമെന്ന് അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. ഉദാഹരണമായി അദ്ദേഹം പറയുന്നു. നിങ്ങൾ സന്യസ്തരരാണോ? എങ്കിൽ സന്തോഷത്തോടെ നിങ്ങളുടെ സമർപ്പണം ജീവിക്കുന്നതിലൂടെയാണ് നിങ്ങൾ വിശുദ്ധരാകുന്നത്. നിങ്ങൾ വിവാഹിതരാണോ? എങ്കിൽ ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭാര്യയും ഭർത്താവും പരസ്പരം സ്നേഹിച്ചും സഹായിച്ചും ജീവിക്കുന്നതിലൂടെ നിങ്ങൾ വിശുദ്ധരാകുന്നത്. നിങ്ങൾ ജോലിക്കാരനാണോ? എങ്കിൽ നിങ്ങൾ വിശുദ്ധി നിങ്ങളുടെ സത്യസന്ധതയിലാണ്. നിങ്ങൾ മാതാപിതാക്കന്മാരാണോ? നിങ്ങളുടെ വിശുദ്ധി മക്കളെ ഈശോയെ അനുഗമിക്കാൻ ക്ഷമയോടെ പഠിപ്പിക്കുന്നതിലാണ്. നിങ്ങൾ അധികാരത്തിലാണോ? നിങ്ങളുടെ വിശുദ്ധി സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിലാണ്.

കുടുംബ വിശുദ്ധി വളരുന്നത് നമ്മുടെ ഹൃദയത്തിന്റെ ചെറിയ തുറന്ന പ്രവൃത്തികളിലൂടെയാണ്. ചെറിയ പ്രവർത്തികൾ സമർപ്പണത്തോടെ, സ്നേഹത്തോടെ ചെയ്യുമ്പോൾ നമുക്ക് വിശുദ്ധരാകാം.

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.,**
വികാരിയച്ചൻ.





## ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ...

**ദൈ**വം തന്ന ദാനമായ കുടുംബങ്ങൾ എല്ലാം തന്നെ തിരുക്കുടുംബംപോലെ ആയി തീരാനുള്ളതാണല്ലോ. ഇടം ലഭിക്കാതെ പോയ ദൈവത്തിന് ഇടം കൊടുത്ത യൗസേപ്പിതാവിനെയും മാതാവിനെയും നമുക്കറിയാം. നമ്മുടെ ജീവിതത്തിലും ദൈവത്തിന് ഇടം (പ്രഥമസ്ഥാനം) കൊടുക്കുന്ന ജീവിതങ്ങളായി മാറട്ടെ.

കുടുംബപ്രാർത്ഥനയും കൂദാശാജീവിതവും ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കെടുത്തും വിശ്വാസ ജീവിതത്തിൽ മുന്നേറുന്നവരായി നമുക്കുമാറാം.

കുടുംബ വിശുദ്ധീകരണം ആഗ്രഹിക്കുന്ന നമുക്ക് പാരമ്പര്യമായി ലഭിച്ചിരിക്കുന്ന നന്മകളാണ് കുടുംബ പ്രാർത്ഥനയും കൂദാശാജീവിതവുമൊക്കെ. പഴമയുടെ ഈ നല്ല ശീലങ്ങളിലേക്ക് തിരികെ സഞ്ചരിക്കാം. അത് നമ്മുടെ ജീവിതങ്ങളെയും കുടുംബങ്ങളെയും വിശുദ്ധീകരിക്കും. എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും. (മത്താ. 18:20)

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
കൊച്ചച്ചൻ



# ദൈവദാസ പദവിയിലേക്ക്

- ജോസ് ഡിക്സൺ
കോയ്മക്കാട്

## വരാപ്പുഴ അതിരൂപത വികാരി ജനറൽ അഭിവന്ദ്യ മോൺസിഞ്ഞോർ ഇമ്മാനുവേൽ ലോപ്പസ് ദൈവദാസ പദവിയിലേക്ക്

വരാപ്പുഴ അതിരൂപതയുടെ വികാരി ജനറൽ ആയിരുന്ന ശ്രേഷ്ഠ വൈദികൻ മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പസ് അസാധാരണ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികളിൽ ഗണനീയനാണ്. സാഹിത്യകാരൻ, നാടകകൃത്ത്, ആധ്യാത്മിക ഗുരു, കഠിനാധ്വാനി, എല്ലാറ്റിലും ഉപരി ഒരു വലിയ മനുഷ്യസ്നേഹി എന്നീ നിലകളിൽ പ്രഭാപൂരം പൊഴിച്ചിരുന്ന പണ്ഡിതനായ വൈദിക ശ്രേഷ്ഠൻ ആയിരുന്നു അദ്ദേഹം. എറണാകുളത്തെ പച്ചാളത്ത് ഏലിയാസ് ലോപ്പസ് - ട്രീസാ ദമ്പതികളുടെ മകനായി 1908-ൽ ജനിച്ചു. സെന്റ് ആൽബർട്ട് സ്കൂളിലായിരുന്നു വിദ്യാഭ്യാസം. അതിനുശേഷം എറണാകുളം മൈനസ് സെമിനാരിയിൽ ചേർന്നു. കാൻഡി സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ചു. വൈപ്പിൻകരയിലെ പെരുമ്പിള്ളി ഇടവകയിൽ 1934-ൽ അസിസ്റ്റന്റ് വികാരിയായി സേവനം ആരംഭിച്ചു. 1939 മുതൽ 1962 വരെ എറണാകുളം ഉണ്ണി മിശിഹാ പള്ളി വികാരി പദം അലങ്കരിച്ചു. 1959-ൽ അദ്ദേഹത്തിന് പ്രീവി ചേംബർലൈൻ പദവി റോമിൽ നിന്ന് ലഭിച്ചു.

1959-ൽ എറണാകുളത്ത് ബോസ്കോ കലാസമിതി സ്ഥാപിച്ചു. വരാപ്പുഴ അതിരൂപതയിലെ ആദ്യത്തെ മതബോധന ഡയറക്ടർ ആയിരുന്നു മോൺസിഞ്ഞോർ ലോപ്പസ്. കേരളത്തിൽ അങ്ങോളം ഇങ്ങോളമുള്ള മതബോധന ക്ലാസ്സിലെ കുട്ടികളുടെ മതബോധനത്തിന് ഉതകുന്ന വേദോപദേശ സംക്ഷേപം എന്ന ചെറുഗ്രന്ഥം അദ്ദേഹത്തിന്റെ രചനയാണ്. സ്വർഗ സന്ദേശം, വഴിയും സത്യവും ജീവനും മുതലായ പുസ്തകങ്ങൾ വളരെ നാളുകളോളം വിവിധ രൂപതകളിലും ഇടവകകളിലും ഉപയോഗത്തിൽ ഉണ്ടായിരുന്നു.

വരാപ്പുഴ അതിരൂപത മുഴുവൻ നിറഞ്ഞുനിന്നിരുന്ന വ്യക്തിത്വം ആയിരുന്നു മോൺസിഞ്ഞോർ ലോപ്പസിന്റേത്. സെന്റ് ആൽബർട്ട്സ് കോളേജ്

മാനേജർ, അതിരൂപതാ വികാരി ജനറൽ, വരാപ്പുഴ അഡ്മിനിസ്ട്രേറ്റർ എന്നീ സ്ഥാന ങ്ങളും അതിരൂപത വിവാഹ കോടതിയുടെ ചുമതലകളും ദീർഘനാൾ ചെയ്തു. തിരക്കി നിടയിലും സർക്കാർ ആശുപത്രികളിലെ രോഗികളെ സന്ദർശിച്ചും, ആശ്വസിപ്പിച്ചും, ആവശ്യമുള്ളപ്പോൾ സാമ്പത്തികമായി സഹായിച്ചും അദ്ദേഹം ശുശ്രൂഷ ചെയ്തു. പലരും അദ്ദേഹത്തിൽ മറ്റൊരു ഫ്ളോറൻസ് നൈറ്റിംഗേലിനെയാണ് ദർശിച്ചത്. സെന്റ് വിൻസൻ ഡി പോൾ സൊസൈറ്റിയുടെ രൂപത പ്രമോട്ടറും ആദ്യ ആത്മീകനിയ ന്താവും ആയിരുന്നു. എറണാകുളം ജനറൽ ആശുപത്രി ചാപ്ലിൻ എന്ന ജോലി അദ്ദേഹം ഭംഗിയായി നിർവഹിച്ചു.



മൂന്നു പതിപ്പുകൾ ഇറങ്ങിയ ആത്മകഥാംശമുള്ള അലക്സമ്മാവൻ എന്ന നോവൽ അദ്ദേഹത്തിന്റെ പാണ്ഡിത്യം വിളിച്ചറിയിക്കുന്ന ഒരു കൃതി യാണ്.

ആദ്ധ്യാത്മികതയുടെ മനുഷ്യനായ മോൺസിഞ്ഞോർ സ്ഥാപിച്ച ഒരു സെക്കുലർ സന്യാസ സമൂഹമാണ് കോൺക്രീഗേഷൻ ഓഫ് അവർ ലേഡി ഓഫ് ദ വേ. എറണാകുളം ഇൻഫന്റ് ജീസസ് ദേവാലയത്തോടടുത്താണ് ഈ മഠം.

വിവിധ രൂപതകളിലെ വൈദിക മേലധ്യക്ഷന്മാരുടെ കുമ്പസാരക്കാ രനായിരുന്നു മോൺസിഞ്ഞോർ ലോപ്പസ്. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധി അവർ ഹൃദയപൂർവം അംഗീകരിച്ചു എന്നർത്ഥം.

1981-ൽ മാർപാപ്പ അദ്ദേഹത്തിന് പ്രോട്ടോനോട്ടറി അപ്പോസ്തോലിക് എന്ന പദവി നൽകി ബഹുമാനിച്ചു.

ഇമ്മാനുവൽ ലോപ്പസ് തന്റെ 95-ാമത്തെ വയസ്സിൽ 2004 മാർച്ച് 20-ാം തീയതി പുലർച്ചെ 3.50ന് ലൂർദ്ദ് ആശുപത്രിയിൽ നിര്യാതനായി. 21-ാം തീയതി ഞായറാഴ്ച വൈകിട്ട് നാലുമണിക്ക് ചാത്യാത്ത് മൗണ്ട് കാർമൽ ദേവാലയത്തിൽ ആർച്ച് ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിലിന്റെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നടന്നു.

വരാപ്പുഴ അതിരൂപതയുടെ പുണ്യമായി തീർന്ന ഈ ശ്രേഷ്ഠ വൈദി കൻ അഭിവന്ദ്യ മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പസ് ദൈവദാസ പദവി യിലേക്ക് ഉയർത്തപ്പെടുന്നതിന്റ ചടങ്ങുകൾ 2023 ജൂലൈ 19-ാം തീയതി ചാത്യാത്ത് മൗണ്ട് കാർമൽ ദേവാലയത്തിൽ ഭക്തിപൂർവ്വം നടന്നു. നമുക്കും അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിന് വേണ്ടി പ്രാർത്ഥിക്കാം, ഒപ്പം അദ്ദേഹം നൽകിയ ജീവിത മാതൃക പിന്തുടരുകയും ചെയ്യാം. ●




# മണിപ്പൂരിന്റെ രക്തസാക്ഷ്യം

**സാ**മ്പത്തിക നയങ്ങളിലെ വൈകല്യവും നോട്ടുനിരോധന മടക്കമുള്ള കൈവിട്ട കളികളും നിഷ്പക്ഷമായി വിലയിരുത്തുന്നവർ എന്ന് അവകാശപ്പെടുന്ന ചിലരിൽ നിന്നായി, രാജ്യത്തിന്റെ സമ്പത്ത് ഏതാനും കുറച്ച് മുതലാളിമാർക്കായി തീറെഴുതപ്പെടുന്നു എന്ന ആരോപണം ഉയരുന്നുണ്ട്.നിർഭാഗ്യകരമെന്നു പറയട്ടെ ചോരപ്പുഴയൊഴുകുന്ന മണിപ്പൂരിലെ സംഭവ വികാസങ്ങൾക്കു പിന്നിലും ഇത്തരമൊരു ലാഭക്കണ്ണുണ്ടെന്നതാണ് ലജ്ജാകരം. കോർപറേറ്റ് ലാഭത്തിനായി, ഭരണഘടന പട്ടിക വർഗങ്ങൾക്കു നൽകുന്ന പരിഗണനന മറികടക്കാൻ നടത്തുന്ന നാണം കെട്ട കളികളും മറനീക്കുകയാണ്.ലോകത്തിന് മുന്നിൽ ഭാരതത്തെ നാണം കെടുത്തിയ സംഭവപരമ്പരകൾക്ക് പിന്നിൽ വൻ ഖനനമാഫിയകൾ കണ്ണു വയ്ക്കുന്ന ധാതു സമ്പന്നമായ ഭൂമി അധീനമാക്കാനുള്ള ശ്രമങ്ങളുമുണ്ടെന്ന് പുറത്തു വരുന്നു.മണിപ്പൂരിന്റെ സമതലപ്രദേശങ്ങളിൽ വസിക്കുന്ന മെയ്ത്തി എന്ന ഗോത്രേതര വിഭാഗങ്ങൾക്കാണ് നിലവിൽ അധികാരത്തിൽ മേൽക്കൈയുള്ളത്.ആകെ അറുപതിൽ നാൽപതു നിയമസഭാസീറ്റുകളും മെയ്തി വിഭാഗത്തിനാണ്. മലമുകളിൽ വസിക്കുന്ന ഗോത്രവിഭാഗങ്ങളായ കുകി, നാഗ വിഭാഗ ങ്ങൾക്കുള്ളത് 20 സീറ്റും. രാഷ്ട്രീയ, ഭരണ മേൽകോയ്മ മുതലാക്കി മെയ്തികൾ നടത്തുന്ന ക്രൂരതയിൽ നിന്ന് രക്ഷപ്പെടാനുള്ള രക്ഷാമാർഗമാണ് സംവരണം. പട്ടികവർഗങ്ങൾക്കുള്ള ആ സംരക്ഷണമാണ് നാഗ, കുകി വിഭാഗങ്ങൾക്കുള്ള ഏകാശ്രയം.

കുകികളും നാഗരും കൈവശം വയ്ക്കുന്ന മലമുകളിലെ പൊന്നു വിളയുന്ന മണ്ണ് മെയ്തികൾക്ക് സ്വന്തമാക്കാൻ ആ ഭൂമിയിലുള്ളവർക്ക്

ഭരണഘടന നൽകുന്ന പരിരക്ഷ കാരണം കഴിയില്ല. ആദിവാസിഭൂമി പുറമെ നിന്നു വരുന്നവർക്ക് കൈമാറ്റം ചെയ്യുക അനായാസമല്ല. ഭൂരിഭാഗം വരുന്ന മെയ്തികൾക്ക് ഗോത്രവിഭാഗമെന്ന പദവി നൽകിയാൽ ഈ കടമ്പ ഒഴിവാക്കാനാവും. രാജാക്കൻമാർ മുതൽ ഇപ്പോഴത്തെ മുഖ്യമന്ത്രി വരെയുള്ള പ്രബല വർഗമുൾപ്പെടുന്ന മെയ്തികളെ ഒരു കോടതിവിധി യിലൂടെ പട്ടികവർഗമാക്കാനുള്ള നീക്കത്തിനെതിരായി ഗോത്രവിഭാഗം നടത്തുന്ന പ്രതിഷേധമാണ് മെയ്ത്തികളും സർക്കാരിൽ നിന്നുള്ള ചിലരും ചേർന്ന് അടിച്ചമർത്താൻ ശ്രമിച്ചത്. അതിന്റെ ഭാഗമായാണ് ഭൂരിഭാഗം പേരും ക്രൈസ്തവരായ കുകികളും നാഗരും ആക്രമണത്തിനിരയായതും, അവർ ആരാധിക്കുന്ന ദേവാലയങ്ങൾ വരെ ആക്രമിക്കപ്പെട്ടതും. നൂറുകണക്കി നാളുകൾ കൊല്ലപ്പെട്ടതും സ്ത്രീകളുടെ നേർക്കുപോലും പൈശാചിക ആക്രമണങ്ങൾ നടന്നതും. അപ്പോഴും തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ പാലിച്ച മൗനം കൂടുതൽ കുറ്റകരവും സംശയമുണർത്തുന്നതുമായി. മണിപ്പൂർ അത്ര അകലെയല്ല. ന്യൂനപക്ഷങ്ങൾ നിശബ്ദമാക്കപ്പെടുന്നതാണ് ജനാധിപത്യം എന്നു വിശ്വസിക്കുന്നവർ അധികാരത്തിൽ എത്തപ്പെട്ടാൽ നമ്മുടെ നാടും നീച തന്ത്രങ്ങളുടെ പരീക്ഷണശാലയായി മാറാൻ അധികകാലം വേണ്ട.

## വിക്ടർ ഹ്യൂഗോ



നിങ്ങളുടെ സംസ്കാര ത്തെപ്പറ്റി ഞങ്ങളോട് പ്രസംഗി ക്കേണ്ട. നിങ്ങളുടെ നാട്ടിലെ സ്ത്രീകളെയും കുഞ്ഞുങ്ങളെയും ആദിവാസികളെയും ഞങ്ങൾക്ക് കാണിച്ചു തരിക. അവരോട് നിങ്ങൾ എങ്ങനെ പെരുമാറുന്നു എന്ന് കണ്ട് നിങ്ങളുടെ സംസ്കാ രത്തെപ്പറ്റി ഞാൻ വിലയിരുത്താം.

# പടവുകൾ താണ്ടിയ പാഠങ്ങൾ



മഞ്ഞുമ്മൽ ജി എ യു പി സ്കൂളിൽ വിദ്യാഭ്യാസം തുടങ്ങി ഉന്നത പഠനങ്ങളിലൂടെ, ഇന്ത്യൻ ആണവശക്തി വകുപ്പിലെ ശാസ്ത്രജ്ഞ സംഘത്തിൽ അംഗമായ ഇടവകാംഗം **അഗസ്റ്റിൻ കെ.എ.** [Scientific Officer (Rtd.) Department of Atomic Energy] ജീവിത പാഠങ്ങൾ പങ്കുവയ്ക്കുന്നു.

നമ്മുടെ ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. സ്റ്റീജൻ കണക്കശ്ശേരിയുടെ നിർദ്ദേശം ആണ് ഇങ്ങനെ ഒരു കുറിപ്പ് എഴുതാൻ പ്രചോദനം. 7-ാം ക്ലാസ്സ് വരെ മഞ്ഞുമ്മൽ ഗാർഡിയൻ എയ്ഞ്ചൽസ് സ്കൂളിലും, 10-ാം ക്ലാസ്സ് വരെ ഫാക്ട് ടൗൺ ഷിപ്പ് സ്കൂളിലുമാണ് എന്റെ പ്രാഥമിക വിദ്യാഭ്യാസം. 10-ാം ക്ലാസിലെ പരീക്ഷാഫലം വന്നപ്പോഴാണ് എന്റെ ജീവിതത്തിലെ ഏറ്റവും രസകരമായ സംഭവം. ഫസ്റ്റ് ക്ലാസ്സിന് അന്ന് 360 മാർക്ക് വേണമായിരുന്നു. എനിക്ക് ലഭിച്ച മാർക്ക് 359. ഒരു മാർക്കിലാണ് ഫസ്റ്റ് ക്ലാസ്സ് നഷ്ടമായത്. അന്ന് എന്റെ പിതാവ് ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ വെൽഫെയർ അസോസ്സിയേഷൻ 10-ാം ക്ലാസിൽ ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുന്ന കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നല്കുമായിരുന്നു. നഷ്ടപ്പെട്ട ആ സാമ്പത്തിക സഹായം എന്നെ കൂടുതൽ വേദനിപ്പിച്ചു.

എന്നാൽ തുടർപഠനത്തിൽ സ്റ്റേറ്റ് റാങ്ക് കരസ്ഥമാക്കാനും, കേന്ദ്രസർക്കാരിന്റെ കീഴിലുള്ള അണുശക്തി വിഭാഗത്തിൽ (ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക്ക് എനർജി) ജോലി ലഭിക്കുകയുമുണ്ടായി. ചെന്ന് പെട്ടത് ശാസ്ത്രവിജ്ഞാന രംഗത്ത് അതികായകന്മാരുടെ ഇടയിലേക്കായിരുന്നു. അത് എനിക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടാനും ഉയർന്ന പദവികളിൽ ജോലി ചെയ്യാനും അവസരങ്ങൾ ഉണ്ടാക്കി. 40 വർഷത്തോളമുള്ള ഔദ്യോഗിക ജീവിതത്തിൽ ധാരാളം വിജയങ്ങളും, പരാജയങ്ങളും, അഭിനന്ദനങ്ങളും, അപമാനങ്ങളും ഏറ്റുവാങ്ങി. ധാരാളം ആത്മബന്ധങ്ങൾ സ്ഥാപിച്ചു. ഇപ്പോൾ വിരമിച്ച് ജനിച്ച നാട്ടിൽ സ്ഥിരതാമസമാക്കിയിരിക്കയാണ്.

ഈ ജീവിത സായാഹ്നത്തിൽ തിരിഞ്ഞു നോക്കുമ്പോൾ വളരെ കൗതുകകരമായ കാര്യങ്ങൾ ആണ് ജീവിതാനുഭവം. ശ്രദ്ധയോടെ പദ്ധതികൾ രൂപപ്പെടുത്താനും സൂക്ഷ്മതയോടെ നടപ്പാക്കാനും ഞാൻ എപ്പോഴും ശ്രമിക്കാറുണ്ട്. പലതും ഞാൻ ഉദ്ദേശിച്ചതും, ശ്രമിച്ചതും ആയ കാര്യങ്ങൾ അല്ല സംഭവിച്ചത്. ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ എല്ലാം നല്ലതിനായിരുന്നു എന്നതാണ് അനുഭവം. അതുകൊണ്ട് എനിക്ക് പറയാനുള്ളത്

ജീവിതം ഒരു ദിവസം കൊണ്ടോ, ഒരു സംഭവം കൊണ്ടോ അവസാനിക്കുന്നില്ല. First Result-ന് വേണ്ടി പൊരുതുന്ന നമുക്ക് പലതും നിരാശ ഉണ്ടാക്കിയേക്കാം. എന്നാൽ ആരോ ദീർഘവീക്ഷണത്തോടെ നമുക്ക് വേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കയാണ് എന്നാണ് എന്റെ അനുഭവം.

എന്റെ അനുഭവത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിന്റെയും അതെത്തുടർന്നുള്ള അലയൊലികളുമാണ് ജീവിതം. അത് ഔദ്യോഗികമാകാം വ്യക്തിപരമാകാം. ആ അലയൊലികൾ ചെറുകാറ്റാകാം, കൊടുങ്കാറ്റാകാം. ചിലപ്പോൾ സുനാമി വരെയാകാം. എല്ലാ കാര്യങ്ങളിലും ഒരു Scientific temperment (ശാസ്ത്രീയ അവബോധം) പുലർത്തുകയാണെങ്കിൽ തീരുമാനങ്ങളിലുള്ള വൈകല്യങ്ങൾ വളരെ അധികം കുറയ്ക്കാൻ സാധിക്കും. തീരുമാനങ്ങൾ ഒരിക്കലും വൈകാരിക (Emotional)മായിരിക്കരുത്. അത് എപ്പോഴും Logical reasoning based ഉം Organisational Interest മാത്രം കണ്ടുകൊണ്ടായിരിക്കണം. ആ Organisation കുടുംബമാകാം, Office ആകാം.

അടുത്തത് അവസരങ്ങളെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. Career Guidance ഇന്ന് ശതകോടികളുടെ ബിസിനസ്സ് ആണ്. ജീവിതത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കിയവരുടെയും, വലിയ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കിയവരുടെയും നിറംപിടിച്ച കഥകൾ മെനഞ്ഞ് എവിടെ തുടങ്ങണം എന്നറിയാതെ നില്ക്കുന്ന യുവമനസ്സുകളെയും അവരെ എവിടെ എങ്കിലും എത്തിക്കാൻ വെമ്പൽ കൊള്ളുന്ന മാതാപിതാക്കളുമാണ് അവരുടെ ലക്ഷ്യം.

എനിക്ക് പഠിക്കാൻ അവസരം ലഭിച്ചത് Chemical Engineering. ജോലി ചെയ്യാൻ അവസരം ലഭിച്ചത് വളരെ അധികം അപകട സാധ്യതകൾ ഉള്ള രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്ന, മൂന്ന് ഷിഫ്റ്റ് മാറി മാറി ജോലി ചെയ്യേണ്ടിവരുന്ന കെമിക്കൽ പ്ലാന്റിൽ. കിട്ടിയ സാധ്യത പുതിയ കാര്യങ്ങൾ മനസ്സിലാക്കാനും അതിൽ ആഴത്തിലുള്ള അറിവുനേടാനും, പ്രശ്നങ്ങൾ നേരിടുന്നതിനും സഹായിച്ചു. എന്റെ അനുഭവം എന്നെ പഠിപ്പിച്ചത് നല്ല അവസരങ്ങൾക്ക് അലഞ്ഞുതിരിഞ്ഞ് നടക്കാതെ നമുക്ക് ലഭിക്കുന്ന അവസരങ്ങൾ ആസ്വദിക്കുക, അതിൽ ആഴത്തിൽ അറിവ് നേടുക അതിൽ പുതുപുതു പദ്ധതികളും സ്വപ്നങ്ങളും വിഭാവനം ചെയ്യാൻ ശ്രമിക്കുക. അങ്ങനെ മറ്റുള്ളവർ Expert Opinion വേണ്ടി നിങ്ങളിലേക്ക് ഉറ്റുനോക്കുമ്പോൾ, നിങ്ങൾ സ്വയം വിജയി ആകുന്നു. അപ്പോൾ കിട്ടുന്ന സംതൃപ്തി ഒരു സമ്പത്തിനു നല്കാൻ സാധിക്കില്ല. നമുക്ക് ചുറ്റുമുള്ളവർ വിജയിച്ച പാത അന്വേഷിച്ചു നടന്ന് പകർത്തുവാൻ ശ്രമിച്ചാൽ ഒരു പക്ഷെ നിങ്ങൾ പരാജയപ്പെട്ടേക്കാം.

---

ആണവശക്തി വകുപ്പിൽ മുൻ ഉദ്യോഗസ്ഥനും ഭാഭ ആറ്റമിക് റിസർച്ച് സെന്ററിൽ സയന്റിസ്റ്റ്സ് ടീം അംഗവുമായ ലേഖകൻ മഞ്ഞുമ്മൽ ഇടവക ക്രൈസ്റ്റ് ദ കിംഗ്-ബി ഫാമിലി യൂണിറ്റ് അംഗമാണ്.

---

തുടരും...





# ജാഗരൂകരായിരിക്കുക!

**ജോൺ ഹ്യൂബർട്ട്**

ദുബായ്, ഷാർജ എയർപോർട്ടുകളിലൂടെ പലതവണ യാത്ര ചെയ്തിട്ടുണ്ട്. പലയിടത്തും ക്യൂ നിൽക്കേണ്ടതായിട്ടുണ്ട്. ചെക്ക് ഇൻ കഴിഞ്ഞ് ഇമിഗ്രേഷനിൽ ക്യൂ നിൽക്കുമ്പോൾ, പലപ്പോഴും അപ്പുറത്തെ മറ്റൊരു ക്യൂവിൽ നിരാശയും പരിഭ്രമവും പതിഞ്ഞ കുറെ മുഖങ്ങളെ കണ്ടിട്ടുണ്ട്. യാത്രയുടെ ത്രില്ലിലും തിരക്കിലും അതൊന്നുമത്ര ശ്രദ്ധിക്കാറില്ല.

ഒരിക്കൽ എയർ അറേബ്യയിൽ ടിക്കറ്റെടുത്തു. കൂടുതൽ ഈസിയാക്കുവാൻ യാത്രയുടെ തലേ ദിവസം തന്നെ എയർ അറേബ്യയുടെ ദുബായിലെ സിറ്റി ചെക്ക് ഇൻ ഓഫീസിലെത്തി ലഗേജ് കൊടുത്ത്  ബോർഡിംഗ് പാസ്സെടുത്തു. അടുത്ത ദിവസം അവർ തന്നെ ദുബായിയിൽ നിന്നും ഷാർജയിലെത്തിച്ചു. പതിനൊന്നു മണിയായപ്പോഴേക്കും എത്തി. ഇമിഗ്രേഷൻ കഴിഞ്ഞയുടൻ കുറെ നേരം ഡ്യൂട്ടീ ഫ്രീയിൽ കറങ്ങി. കയ്യിലുണ്ടായിരുന്ന എമിറേറ്റ്സ് ബാങ്കിന്റെ കാർഡിന്, എയർപോർട്ടിലെ ബിസിനസ്സ് ക്ലാസ് ലോഞ്ച് സൗകര്യം ഫ്രീയായതിനാൽ അവിടെ നിന്നും ഭക്ഷണം കഴിച്ച് അതിനകത്തു തന്നെയുള്ള വെയിറ്റിംഗ് റൂമിലേക്ക് കയറി. മൊബൈലിൽ എയർടെല്ലിന്റെ സിം കയറ്റി ഇയർഫോണിൽ പാട്ട് കേട്ടിരുന്നു. തൊട്ടടുത്ത ഗ്ലാസ്സ് ഭിത്തിയിലൂടെ റൺവേ വ്യക്തമായി കാണാം. അവിടെ ഉയരുകയും താഴുകയും ചെയ്യുന്ന ഫ്ളൈറ്റുകളെ നോക്കിയിരുന്ന് സമയം തള്ളിനീക്കി. ഒന്നേകാലായപ്പോഴേക്കും ഡിപ്പാർച്ചർ ഗേറ്റിലെത്തി. ആരെയും കണ്ടില്ല. എയർ അറേബ്യയുടെ യൂണിഫോമിലുള്ള ഏതാനും ജോലിക്കാർ മാത്രം. കൊച്ചി ഫ്ളൈറ്റ് കൃത്യം ഒന്നേകാലിന് ടേക്ക് ഓഫ് ചെയ്തെന്ന് അവർ പറഞ്ഞു. ബോർഡിംഗ് പാസ്സെടുത്തിരുന്നതുകൊണ്ട് ഒരുപാട് പ്രാവശ്യം വിളിച്ച് നോക്കിയതിന്റെ തെളിവ് അവർ ഫോണിൽ കാണിച്ചു. സിം കാർഡ് മാറ്റിയകാര്യം അവർക്കറിയില്ലല്ലോ. ഒന്നേകാലെന്ന സമയം ഒന്നരയെന്ന് എപ്പോഴോ മനസ്സിൽ തെറ്റായി കയറിപ്പറ്റി. അവിടെ നിന്നും നേരെ ഇമിഗ്രേഷൻ കൗണ്ടറിനടുത്തുള്ള ക്യൂവിൽ നിർത്തി വെയിറ്റു ചെയ്യാൻ പറഞ്ഞു. ഈ ക്യൂവിനെപ്പറ്റിയാണ് മുമ്പേ സൂചിപ്പിച്ചത്. ഫ്ളൈറ്റുകൾ മിസ്സായി. നിസ്സഹായരുടെ ക്യൂ. പല കാര്യങ്ങൾക്കായി, പല സ്ഥലങ്ങളിലേ

യ്ക്കുള്ള യാത്രകൾ, പല കാരണങ്ങളാൽ മുടങ്ങിപ്പോയ ബോർഡിംഗ് പാസ്സ് ഹോൾഡേഴ്സ്. ഇമിഗ്രേഷനിൽ വച്ച് ആദ്യം പാസ്സ്പോർട്ടിൽ അടിച്ചുതന്ന സീലിനു മുകളിൽ ക്യാൻസൽ ചെയ്ത മറ്റൊരു സീലടിപ്പിക്കുവാൻ കാത്തുനിൽക്കുന്നവർ. ഇത്തരം ക്യൂവുകൾ എയർപോർട്ടുകളിൽ സാധാരണമെങ്കിലും, അതിന്റെ ഭാഗമായപ്പോഴാണ് ഈയൊരു പ്രോസസ്സും അവിടെ നടക്കുന്നുണ്ടെന്നറിഞ്ഞത്. അവിടെ നിന്നും നേരെ ബാഗേജ് കളക്ഷനിലേക്ക്. ഈസീ യാത്രയ്ക്കായി തലേ ദിവസം പോയി ചെക്ക്-ഇൻ ചെയ്ത് ടാഗടിച്ചുവിട്ട ലഗേജുകൾ തിരിച്ച് കൺവെയർ ബെൽറ്റിലൂടെ നിരങ്ങി വരുന്നതും കാത്ത് അവിടെ ക്ഷമയോടെ നിന്നു.

രാവിലത്തെ കുർബാനകൾക്ക് ശേഷം ആളുകൾ സെമിത്തേരിയിൽ പ്രാർത്ഥിക്കാൻ പോകുന്നത് കാലങ്ങളായി കാണുന്ന കാഴ്ചയാണ്. ഏഴും, മുപ്പതും ആണ്ടുമൊക്കെ കൂടി പോന്നപ്പോഴോ, വിലാപയാത്രകളിൽ സെമിത്തേരി റോഡ് കുറച്ചുനേരം ബ്ലോക്കാവുമ്പോൾ അത് തീർന്നിട്ട് പോകാൻ ഇടറോഡിൽ ധൃതിയോടെ കാത്തുകിടന്നപ്പോഴോ മനസ്സിലാക്കിയില്ല; വിടവാങ്ങിയവർ വരുത്തുന്ന വേദനയുടെ വ്യാപ്തം. അത് അളക്കുവാനോ പകരം വയ്ക്കുവാനോ പറ്റുന്നതല്ല. വിളിക്കാതെ വരുന്ന ആ വിരുന്നുകാരന്, രംഗമേതെന്നറിയാത്ത ആ കോമാളിക്ക്, സ്വന്തം ഭവനങ്ങളിൽ ആതിഥ്യമേകേണ്ടി വരുമ്പോഴാണ് അവൻ സമ്മാനിച്ച് പോകുന്ന സങ്കടം നാമറിയുന്നത്. നമുക്ക് മിസ്സാകുമ്പോഴാണ് ആ 'മിസ്സിംഗി'ന്റെ വില നമ്മൾ തിരിച്ചറിയുന്നത്. പത്രത്താളിലെ ചരമകോളങ്ങളിൽ പരിചയക്കാരെ പരതുമ്പോൾ നാം മനസ്സിലാക്കുന്നില്ല നമ്മൾ നോക്കാതെ വിട്ട ഓരോ മുഖവും ഓരോ കുടുംബങ്ങളിൽ വേദനകൾ ബാക്കിവച്ച് പോയവരാണെന്ന സത്യം. ആരുടെയൊക്കെയോ അപ്പനോ, അമ്മയോ, മകനോ, മകളോ, ഭാര്യയോ, ഭർത്താവോ ഒക്കെ ആയിരുന്നു അവർ. ജോക്കർ എന്ന സിനിമയിൽ ബഹദൂർ അവതരിപ്പിച്ച കഥാപാത്രം ഇടയ്ക്കിടെ ചോദിക്കുന്നുണ്ട്. "എന്റെ നമ്പർ എപ്പോൾ വരുമെന്ന്." "ഇന്ന് ഞാൻ നാളെ നീ" എന്നത് എത്രയോ സത്യമാണ്. നമ്പർ വന്നു വീഴുമ്പോൾ സെമിത്തേരിയിലെ നൊമ്പരങ്ങൾ നാമടുത്തറിയുന്നു. മരണം കയറിവരുന്നത് കള്ളനെപ്പോലെയെന്നത് ശരിയാണ്. പ്രതീക്ഷയ്ക്കോ, പ്രതിരോധത്തിനോ സമയം കിട്ടാറില്ല. "സദാ ജാഗരൂകരായിരിക്കുവിൻ. ആ ദിവസമോ, മണിക്കൂറോ നിങ്ങൾ അറിയുന്നില്ല." (മത്താ 25 :13). മണവാളനെ എതിരേൽക്കാൻ കത്തിച്ച വിളക്കിനൊപ്പം എണ്ണയും കരുതിയ വിവേകവതികളെപ്പോലെ സദാ ജാഗരൂകരായിരിക്കാം. 'മാനസാന്തരത്താൽ കുടുംബത്തെ നവീകരിക്കാം. കുർബാനയും കുമ്പസാരവും ശീലങ്ങളാക്കാം. ബാലനായ യേശുവിനെ ദേവാലയത്തിൽ കണ്ടെത്തിയതുപോലെ നമ്മുടെ മക്കളെയും ദൈവത്തോടും ദേവാലയത്തോടും അടുപ്പിക്കാം. അവർ പ്രാർത്ഥിക്കാൻ പഠിക്കട്ടെ, അവർക്ക് വേണ്ടിയും, അവർക്ക് വേണ്ടി ജീവിക്കുന്നവർക്കും, ജീവിച്ചിരുന്നവർക്കുവേണ്ടിയും.... അപ്പോൾ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതി അവരിൽ പ്രകടമാകും. അങ്ങനെ 'കുടുംബ വിശുദ്ധീകരണ വർഷം' എന്നത് യാഥാർത്ഥ്യമാകട്ടെ.



സുൽത്താനേറ്റ് ഓഫ് ഒമാനിലെ
ഇന്ത്യാക്കാരായ അധ്യാപകർക്കായി 2023 ലെ
ഏഷ്യാനെറ്റ് ന്യൂസ് ചാനൽ എഡ്യൂക്കേഷൻ
എക്സലൻസ് അവാർഡിന് അർഹനായ
ഞങ്ങളുടെ പ്രിയ സഹോദരൻ

**വില്യം ഡോണാൾഡ് സീമേന്തിക്ക്**

ഹൃദയം നിറഞ്ഞ

**അഭിനന്ദനങ്ങൾ**

സ്റ്റാൻലി സീമേന്തി & ഫാമിലി
മേഴ്സി ചാർളി ഡികൂഞ്ഞ & ഫാമിലി
പാട്രിക് ഫെർണാണ്ടസ് & സീന പാട്രിക്
ക്ലിഫ്ഫി സീമേന്തി & ഫാമിലി
സോണിയ സ്റ്റീഫൻ സീമേന്തി & ഫാമിലി
ഹെൻറി സീമേന്തി & ഫാമിലി.





*Dream for Succes*

## SSLC, PLUS TWO ക്ലാസ്സുകളിൽ മി

## മഞ്ഞുമ്മൽ അമലോത്

# അഭി

## SSLC



Nova Raphael



Joseph Sebastian



Aneeta Febin



Aquil Vipin Joseph



Antony Tijo



Angel Mary Jackson



Ashwin A J



Joan Maria Roy



Cerah Mathew



Sayana Mary



Niya Shibu



Ann Hasel M.S.


s; Work for it !!
കവ് തെളിയിച്ച വിദ്യാർത്ഥികൾക്ക്
വേ മാതാ ഇടവകയുടെ
IMMACULATE CONCEPTION CHURCH MANUMMEL
Ave Maria
SSLC
Aldria Antony
Abiya Samuel
Aldin Correya
Aleena Denny
PLUS TWO
Mishala Grace K.R.
Angel Mary K.A.
Benitta Mathew
Evaan Antony Philip
Mariya Jyothy
Hejil Joseph
Alfin Francis



## Baptism

18-06-2023

**Midhel Joseph Navin**

S/o Navin P R &
Anjana Navin

Puthenpurakkal house
Manjummel





## Baptism

23.04.2023

**Reuben Arun Benedict**

S/o Arun Benedict &
Riya Rachel John

Kotheth House





# സാന്ത്വന ദൂതൻ


**വിക്ടറി**

ലൂർദ്ദ് മാതാ കുടുംബയൂണിറ്റ്


സമാധാനം വിതറിക്കൊണ്ടും സൗഖ്യം പകർന്നുകൊണ്ടുമുള്ള യേശുവിന്റെ യാത്ര ഗനേസറത്തിലെത്തി. അവിടെ അനേകരെ സുഖപ്പെടുത്തിയ ശേഷം ടയറിലേയ്ക്കു പോയി. തന്നെ ആരും തിരിച്ചറിയാതിരിക്കാൻ ആഗ്രഹിച്ചു. എങ്കിലും യേശുവിനു മറഞ്ഞിരിക്കാനായില്ല

യേശുവിന്റെ പ്രസംഗം കേൾക്കാൻ ഫിനേഷ്യയിൽ നിന്നും ആളുകൾ എത്തിയിരുന്നു. ഒരു സ്ത്രീ അവനെക്കുറിച്ച്കേട്ട് അവിടെയെത്തി. സീറോ-ഫിനേഷ്യൻ വംശത്തിൽപ്പെട്ട ഒരു ഗ്രീക്കുകാരി. സ്വന്തം മകളുടെ രോഗം ഒരു സഹനമായി മാറിയപ്പോൾ യേശുവിനെ സമീപിക്കുന്ന ഒരമ്മ. അശുദ്ധാത്മാവു ബാധിച്ച ഒരു മകൾ അവൾക്കുണ്ടായിരുന്നു.

ആ സ്ത്രീ വന്ന് യേശുവിന്റെ കാൽക്കൽ വീണു.

"എന്റെ മകളിൽ നിന്നും പിശാചിനെ ബഹിഷ്കരിക്കണം."

അവൾ അപേക്ഷിച്ചു.

"ആദ്യം മക്കൾ ഭക്ഷിച്ചു തൃപ്തരാകട്ടെ. മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കു എറിഞ്ഞുകൊടുക്കുന്നത് നന്നല്ല."

യേശു പ്രതിവചിച്ചു.

ആ സ്ത്രീയോടുള്ള വാക്കുകൾ ഫിനീഷ്യരെ ഉദ്ദേശിച്ചുള്ളതായിരുന്നു.

പലപ്പോഴും ഇസ്രായേൽക്കാരുടെ ശത്രുപക്ഷത്തായിരുന്നു ഫിനീഷ്യർ. അവരുടെ ഭൂപ്രദേശങ്ങളും ഇസ്രായേൽക്കാർ പിടിച്ചെടുത്തിരുന്നു. ഫിനീഷ്യർ ബഹു. ദൈവ വിശ്വാസികളും വിഗ്രഹാരാധകരുമായിരുന്നു. ഇസ്രായേൽക്കാരുടെ ഏക ദൈവത്തേക്കാൾ ശക്തനാണ് തങ്ങളുടെ ബാൽദേവൻ എന്നു സ്ഥാപിക്കാൻ അവർ ശ്രമിച്ചിരുന്നു.

"കർത്താവേ, അതു ശരിയാണ്. എങ്കിലും മേശയുടെ കീഴെനിന്ന് നായ്ക്കളും മക്കൾക്കുള്ള അപ്പക്കഷ്ണങ്ങളുടെ ബാക്കി തിന്നുന്നുണ്ടല്ലോ?"

ഫിനീഷ്യക്കാരി ഉത്തരം പറഞ്ഞു.

ആ സ്ത്രീയുടെ വിശ്വാസം യേശുവിനെ സന്തുഷ്ടനാക്കി.

"ഈ വാക്കുമൂലം, നീ പൊയ്ക്കൊള്ളുക. പിശാചു നിന്റെ മകളെ വിട്ടു പോയിരിക്കുന്നു."

യേശു അവളോടു പറഞ്ഞു.

അവൾ വീട്ടിലേയ്ക്കു പോയി.

മകൾ കട്ടിലിൽ സുഖമായി കിടക്കുന്നതാണ് അവൾ കണ്ടത്. അശുദ്ധാത്മാവ് അവളെ വിട്ടുപോയിരുന്നു.

മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും അതീതമായ ഒരു പ്രവൃത്തിയായിരുന്നു അത്. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ വഴി മാത്രം ഉണ്ടാകുന്ന ഒരനുഭവം. യേശുവിന്റെ മുൻപിൽ ആൾ വ്യത്യാസമുണ്ടായിരുന്നില്ല. തന്നിൽ അഭയം പ്രാപിക്കുന്നവരുടെ സഹായത്തിനെത്താൻ യേശു എപ്പോഴും സന്നദ്ധനായിരുന്നു. രോഗവിമുക്തയായ തന്റെ മകളെ കണ്ടപ്പോൾ ആ അമ്മയ്ക്കുണ്ടായ ആത്മസംതൃപ്തിയും സന്തോഷവും വർണനാതീതമായിരുന്നു.

# പ്രശംസ

**ഉപദേശങ്ങൾ കേൾക്കാതെ ഇരിക്കുകയും പ്രശംസകൾ പിടിച്ചെടുക്കുകയും ചെയ്യുകയാണ് മനുഷ്യസ്വഭാവം.**

**– ഷേക്സ്പിയർ**

പ്രശംസ തന്റെ കാതിൽ എത്ര ചൊരിഞ്ഞാലും അതു പറയുന്നവനെ സന്തോഷിപ്പിക്കുന്നതാണ് മാനവഗുണം. തനിക്ക് അർഹതയുള്ള പ്രശംസയാണോ അയാൾ ചൊരിയുന്നത് എന്നു നോക്കിയല്ല നമ്മൾ അതു സ്വീകരിക്കുന്നത്. അർഹതയുണ്ടായാലും, ഇല്ലെങ്കിലും വിശകലനത്തിന് ഒന്നുംമുതിരാതെ ഉടനടി സ്വീകരിക്കുകയാണ് നമ്മൾ ചെയ്യുന്നത്. അങ്ങനെ പ്രശംസിക്കുന്നവനെ സൽക്കരിക്കാനും, സമ്മാനങ്ങൾ നൽകുവാനും അയാൾ മടിക്കാറില്ല. എന്നാൽ ഒരാൾ നമ്മുടെ ദോഷം ചൂണ്ടിക്കാണിച്ചുതന്നാൽ, വിശകലനത്തിനുപോലും മുതിരാതെ, ഒന്നുകിൽ അയാളെ അസഭ്യം കൊണ്ടു മൂടുകയോ അല്ലെങ്കിൽ തന്റെ ഭാഗം വെറുതെ ന്യായീകരിച്ച്, ഉപദേശങ്ങളെ തിരസ്കരിക്കാനോ, ഇത് ഒന്നുമല്ലെങ്കിൽ താൻ ആരാണ് എന്നെ ഉപദേശിക്കാൻ എന്ന മറുചോദ്യം ഉന്നയിച്ച് തടിതപ്പുന്നു. ഇങ്ങനെ വിമർശനങ്ങളോട് അസഹിഷ്ണുത പുലർത്താൻ കാരണം, ചെവിക്കും മനസ്സിനും നല്ലത് പറയുന്നതുമാത്രം കേൾക്കാനേ താൽപ്പര്യമുള്ളൂ. താൻ തെറ്റു ചെയ്താലും അതൊക്കെ മൂടിവെച്ച് മുഖസ്തുതി കേൾക്കാനാണ് മിക്കവരുടെയും ആഗ്രഹം. കുറ്റപ്പെടുത്തൽ ആർക്കും രസിക്കുന്ന കാര്യമല്ല, ജ്ഞാനിക്ക് ഒഴികെ. പ്രശംസിക്കുമ്പോൾ പരിധി വിടരുത്.

# കർമല മാതാവ്



കർമല മാതാവിന്റെ ഒരു തിരുനാൾ കൂടി അനുഗ്രഹങ്ങൾ നൽകി കടന്നുപോയി... ജൂലൈ 16 ഒരു ഓർമദിനമാണ്. 1251 ജൂലൈ 16-നാണ് സൈമണൻ സ്റ്റോക്കിന് പ്രത്യക്ഷയായ കർമലമാതാവ് കർമലോത്തരീയം സമ്മാനിച്ചത്. അക്കാലത്ത് സൈമൺ സ്റ്റോക്ക് കർമലീത്താ സഭയുടെ ജനറലായിരുന്നു. തന്റെ സഭ നേരിടുന്നു വെല്ലുവിളികളെ കുറിച്ചോർത്ത് ആശങ്കപ്പെട്ടിരിക്കുകയായിരുന്ന സൈമൺ സ്റ്റോക്കിനെ മാതാവ് ആശ്വസിപ്പിച്ചു.

ഈ തിരുവസ്ത്രം സ്വീകരിക്കൂ, പ്രിയ മകനേ. ഈ വസ്ത്രം അണിഞ്ഞ് മരിക്കുന്നവർ ഒരുനാളും നിത്യാഗ്നിയിൽ വീഴുകയില്ല. ഇത് രക്ഷയുടെ അടയാളവും ആപത്തിൽ സംരക്ഷണവും സമാധാനത്തിന്റെ പ്രതിജ്ഞയും ആയിരിക്കും എന്ന് മാതാവ് അരുൾ ചെയ്തു.

## ഉത്തരീയ ഭക്തിയുടെ സന്ദേശം



കർമ്മലമാതാവിനോടുള്ള ഭക്തിയുടെ അടയാളമായി തിരുവുത്തരീയം ധരിക്കുന്നവർ മൂന്നു സന്ദേശങ്ങൾ നൽകുന്നു.

1. ഉത്തരീയം ധരിക്കുന്ന ഞങ്ങൾ പരിശുദ്ധ മറിയത്തിനു പ്രിയപ്പെട്ടതും അവളോട് സവിശേഷഭക്തി ജീവിതശൈലിയാക്കിയതുമായ കർമ്മലീത്ത സഭയെന്ന വലിയൊരു കുടുംബത്തിലെ അംഗങ്ങളാണ്.
2. ഉത്തരീയം നിത്യവും ധരിച്ചുകൊണ്ട് പരിശുദ്ധ മറിയത്തിനും അവളുടെ സേവനത്തിനും ഞങ്ങൾ പ്രത്യേകമാംവിധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണെന്ന് പ്രഖ്യാപിക്കുന്നു.
3. ഉത്തരീയം വസ്ത്രമായി അണിഞ്ഞുകൊണ്ട് പരിശുദ്ധ കന്യകാമറിയത്തെപ്പോലെ യേശുവിന്റെ അടുത്ത അനുയായികളാകാൻ ശ്രമിക്കുന്നവരാണെന്നും അവളുടെ പുണ്യങ്ങളായ വിനയവും എളിമയും നൈർമ്മല്യവും പ്രാർത്ഥനാരൂപിയും ശുശ്രൂഷാ മനോഭാവവും സ്വായത്തമാക്കാൻ ശ്രമിക്കുന്നവരാണ് ഞങ്ങളെന്നും അവർ വിനയപൂർവ്വം പ്രഘോഷിക്കുന്നു.

## ഇടവക വാർത്തകൾ



# വരാപ്പുഴ അതിരൂപത മുൻ വികാരി ജനറൽ മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പസ് ദൈവദാസ പദവിയിലേക്ക് ഉയർത്തപ്പെട്ടു

വരാപ്പുഴ അതിരൂപതയുടെ പുണ്യമായ ശ്രേഷ്ഠ വൈദികൻ അഭിവന്ദ്യ മോൺസിഞ്ഞോർ ഇമ്മാനുവൽ ലോപ്പസ് ദൈവദാസ പദവിയിലേക്ക് ഉയർത്തപ്പെട്ടു. 2023 ജൂലൈ 19 ബുധൻ വൈകിട്ട് 5 മണിക്ക് ചാത്യാത്ത് മൗണ്ട് കാർമൽ ദൈവാലയത്തിൽ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികനായി അർപ്പിക്കപ്പെട്ട ആഘോഷപൂർവകമായ ദിവ്യബലിമധ്യേയാണ് ഈ ദൈവദാസപ്രഖ്യാപനം നടത്തിയത്. ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി., കേന്ദ്ര സമിതി അംഗങ്ങൾ തുടങ്ങി നിരവധിപേർ ഇടവകയെ പ്രതിനിധീകരിച്ച് ഈ പുണ്യസമ്പൂർണമായ നിമിഷങ്ങളിൽ പങ്കുചേർന്നു.

## അഭിനന്ദനങ്ങൾ...!



സുൽത്താനേറ്റ് ഓഫ് ഒമാനിലെ ഇന്ത്യാക്കാരായ അധ്യാപകർക്കായി 2023 ലെ ഏഷ്യാനെറ്റ് ന്യൂസ് ചാനൽ എഡ്യൂക്കേഷൻ എക്സലൻസ് അവാർഡിന് അർഹനായ നമ്മുടെ ഇടവകാംഗമായ ലന്തപ്പറമ്പിൽ **വില്യം ഡോണാൾഡ് സീമേന്തിക്ക്** ഇടവകയുടെ അഭിനന്ദനങ്ങൾ. മരിയാംബിക ഫാമിലി യൂണിറ്റ് അംഗമാണ് ഭാര്യ ഹെമ്ലിൻ ജോളി മക്കൾ മെലിൻഡ, അലൻ.

പരേതരായ ജോസഫ് സീമേന്തി, ലിസ്സി സീമേന്തി ദമ്പതികളുടെ മകനാണ് വില്യം ഡോണാൾഡ് സീമേന്തി.

## അഭിനന്ദനങ്ങൾ...!



എറണാകുളം ജില്ലയിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ മത്സര പരീക്ഷയിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽ മൂന്നാം റാങ്ക് നേടി അഭിമാനകരമായ നേട്ടം കൈവരിച്ച **വോൾജി ജോഷി.**

കണക്കശ്ശേരി ജോഷി കെ.ജെ. യുടെ ഭാര്യയും മേയാ യൂണിറ്റ് അംഗവുമാണ്. ഒരു മകൾ എസ്തേർ. വോൾജിക്ക് ഇടവക ജനതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

# സ്വീകരണം നൽകി





മെയ് 17 ബുധനാഴ്ച വൈകീട്ട് 5.30ന് ഇടവകയുടെ പുതിയ വികാരിയായി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. ഫൊറോന വികാരി ഫാ. സക്കറിയാസ് പാവനത്തറ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി., ഫാ. ഡാനി ആന്റണി ഒ.സി.ഡി. എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. തുടർന്ന് നടന്ന സ്വീകരണ യോഗത്തിലും ടൈറ്റസച്ചന്റെ യാത്രയയപ്പ് ചടങ്ങിലും അഡ്വ. ജെഫ്രിൻ മാനുവൽ സ്വാഗതം ആശംസിച്ചു. ബ്ലോക്ക് ലീഡർ ശ്രീ. എജിദിയൂസ് പാളയത്തിൽ, മതബോധന വിഭാഗം ഹെഡ്മാസ്റ്റർ ശ്രീ. ആന്റണി രാജു എന്നിവർ ആശംസകൾ അർപ്പിച്ചു. സെൻട്രൽ കമ്മിറ്റി ലീഡർ ശ്രീ. വർഗ്ഗീസ് പുളിക്കൽ നന്ദി പറഞ്ഞു.





# വണക്കമാസ സമാപനം







മെയ് 31 ബുധനാഴ്ച വൈകീട്ട് 5.30ന് മാതാവിന്റെ വണക്ക മാസത്തിന്റെ സമാപനം ആഘോഷമായ സമൂഹ ദിവ്യബലിയോടു കൂടി ഭക്തിപുരസ്സരം ആഘോഷിച്ചു. തുടർന്ന്, കുടുംബയൂണിറ്റുകളിൽ നിന്നും കൊണ്ടുവന്ന പാച്ചോർ വെഞ്ചിരിച്ച് വിതരണം ചെയ്തു. മാതൃവേദിയിലെ അമ്മമാർ പാച്ചോർ വിതരണത്തിനു നേതൃത്വം നൽകി. കൂടാതെ, കുട്ടികളെ എഴുത്തിനിരുത്തുന്ന ചടങ്ങും ഇതോടൊപ്പം സംഘടിപ്പിച്ചു.

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.

# പരിശുദ്ധ കുർബാനയുടെ തിരുനാൾ

പരിശുദ്ധ കുർബാനയുടെ തിരുനാൾ ജൂൺ 11 ഞായറാഴ്ച രാവിലെ 9 മണിക്കുള്ള ആഘോഷമായ ദിവ്യബലിയോടും ദിവ്യകാരുണ്യ പ്രദക്ഷിണ ത്തോടും കൂടെ ഭക്തിപുരസ്സരം ആഘോഷിച്ചു.





# വി. അന്തോണീസിന്റെ തിരുനാൾ

2023 ജൂൺ 23, 24, 25 തീയതികളിൽ വി. അന്തോണീസിന്റെ തിരു നാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. ശ്രീ. റാഫി കാട്ടാശ്ശേരിയുടെ കുടുംബ മാണ് തിരുനാൾ ഏറ്റെടുത്ത് നടത്തിയത്.





# കർമല മാതാവിന്റെ തിരുനാൾ



ജൂലൈ 16-ന് തിരുനാൾ ദിനത്തിൽ രാവിലെ 9 മണിക്ക് മഞ്ഞുമ്മൽ കർമ്മലീത്താ സഭാ കൗൺസിലർ ജോസി കാരപ്പറമ്പിൽ ഒ.സി.ഡി. യുടെ മുഖ്യകാർമികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലിയിൽ ഫാ. ഫിലിപ്പ് കാരിക്കശ്ശേരി ഒ.സി.ഡി. വചനപ്രഘോഷണം നടത്തി. വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., ഫാ. ബോബി തൈപ്പറമ്പിൽ ഒ.സി.ഡി., ഫാ. നെൽസൻ പുളിക്കൽ ഒ.സി.ഡി. എന്നിവർ സഹകാർമ്മികരായിരുന്നു. ദിവ്യബലിക്ക് അൽമായ കർമലീത്താ സഭാംഗങ്ങളും ബ്രദേഴ്സും നേതൃത്വം നൽകി. തിരുന്നാളിനോടനുബന്ധിച്ച് പതിനഞ്ചാം തീയതി ഏഴുമണിക്ക് ദേവാലയത്തിൽ നടത്തിയ 'സായാഹ്ന പ്രാർത്ഥന'യിൽ (വേസ്പര) മഞ്ഞുമ്മൽ കർമലീത്താ സഭ പ്രൊവിൻഷ്യാൾ റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി. നേതൃത്വം നൽകി. വൈദികർ, ബ്രദേഴ്സ്, അല്മായ സഭാംഗങ്ങൾ എന്നിവർ വേസ്പരയിൽ പങ്കെടുത്തു.

## മതബോധന വാർത്തകൾ

# മതബോധന ക്ലാസ്സുകൾ ആരംഭിച്ചു



2023 - 24 അധ്യയന വർഷത്തിലെ മതബോധന ക്ലാസ്സുകൾ 4 - 6 - 23 രാവിലെ 7.30മണിക്കുള്ള ദിവ്യബലിക്ക് ശേഷം റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD നിലവിളക്ക് കൊളുത്തി ഉത്ഘാടനം ചെയ്തു. സഹവികാരി റവ. ഫാ.ഡാനി ആന്റണി OCD, കേന്ദ്ര സമിതി പ്രസിഡന്റ് വർഗീസ് പുളിക്കൽ, P. T. A പ്രസിഡന്റ ബിനു, HM ആന്റണി രാജു എന്നിവർ സന്നിഹിതർ ആയിരുന്നു.

# മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു




മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് മഞ്ഞുമ്മൽ അമലോത്ഭവമാതാ ഇടവകാംഗങ്ങൾ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. ഇടവക വികാരി ഫാദർ സ്റ്റീജൻ കണക്കശ്ശേരി OCD പ്രതിഷേധ ജ്വാല ഉദ്ഘാടനം ചെയ്തു ഫാ. ഡാനി ആന്റണി OCD ആശംസകൾ അർപ്പിച്ചു കേന്ദ്ര സമിതി ലീഡർ ശ്രി.വർഗ്ഗീസ് പുളിക്കൽ സ്വാഗതവും, കേന്ദ്രസമിതി സെക്രട്ടറി അഡ്വ. ജെഫ്രിൻ മാനുവൽ നന്ദിയും രേഖപ്പെടുത്തി.




ഫാത്തിമ മാതാ ദൈവാലയത്തിൽ മണിപ്പൂർ ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു പ്രതിഷേധ സംഗമം നടത്തി. ഫാ. ജോൺസൻ മുടവുശ്ശേരി OCD, ജോജോ, ദേവസി കുരിശുവീട്ടിൽ, വർഗീസ് പുളിക്കൽ, അഡ്വ.ജെഫ്രിൻ മാനുവൽ എന്നിവർ സംസാരിച്ചു.

## യുവജന വാർത്തകൾ

### അഭിനന്ദനങ്ങൾ...!



മേയ യൂണിറ്റ് അംഗം പാവനത്തറ ജോസഫിന്റെയും മോളി ജോസഫിന്റെയും മകൻ ആൻസൻ ജോസഫ് നാഷണൽ ബോഡി ബിൽഡിംഗ് ആൻഡ് ഫിറ്റ്നസ് ഫെഡറേഷൻ (NBFF MR. INDIA 2023) നടത്തിയ മത്സരത്തിൽ പാരാബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയും, കേരള അത്‌ലറ്റിക് ഫിസിക്ക് അലൈൻസ് നടത്തിയ ഓപ്പൺ മിസ്റ്റർ സൗത്ത് ഇന്ത്യ 2023 മത്സരത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കുകയും ചെയ്തു. ആൻസൻ ജോസഫിന് ഇടവകയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.



### അഭിനന്ദനങ്ങൾ...!

തമിഴ്നാട് തൃചെങ്കോട് വച്ചു നടന്ന സംസ്ഥാന വടംവലി ചാമ്പ്യൻഷിപ്പിൽ അണ്ടർ 19 പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സമ്മാനം ലഭിച്ച ടീമിലെ അംഗമായ എയ്ഞ്ചൽ യൂണിറ്റ്, വെള്ളപ്പറമ്പിൽ വിജുവിന്റെ മകൾ **അതുല്യ വിജുവിന്** മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ പേരിൽ അഭിനന്ദനങ്ങൾ നേരുന്നു

എന്നാൽ എനിക്ക് നിന്നോടുള്ള സ്നേഹം അചഞ്ചലമാണ്. (ഏശയ്യ 54:10)

നമ്മുടെ കർത്താവിന് സാക്ഷ്യം നൽകുന്നതിൽ നീ ലജ്ജിക്കരുത്. (2 തിമോത്തി 1:8)



## നവാതിഥികൾ

1) **എമിയ സേവ്യർ**
D/o കുഴിയത്ത് സേവ്യർ & ലിമി തങ്കച്ചൻ

2) **ആദം സിറിയക് ജോസഫ്**
S/o പ്രാമ്പിക്കൽ ജോസഫ് സിറിയക് & അന്ന ജോസഫ്

3) **ഹെസ്രോൺ നീൽ**
S/o അറക്കൽ നീൽ സേവ്യർ & മരിയ ഷാലറ്റ്

4) **മിഖേൽ ജോസഫ് നവീൻ**
S/o പുത്തൻപുരയ്ക്കൽ നവീൻ & അഞ്ജന

## ഒന്നായവർ

1) കുന്നത്ത് ജെറീഷ് **വർഗ്ഗീസ്** &
പൂവത്തിങ്കൽ **ആഗ്നസ് (മീനു)**

2) പയ്യപ്പിള്ളി **വിബിൻ വർഗ്ഗീസ്** &
പൈനുതറ **ഷിയാര**

3) പുളിയനത്ത് **ആന്റണി ഫെർണാഡോ കബ്രാൾ**
& വാടക്കൽ **മീര സെബാസ്റ്റ്യൻ**

4) കുറുപ്പശ്ശേരി **വിപിൻ ജെയിംസ്** &
കണക്കംപറമ്പിൽ **മിഷ്മ ബിജു**



# നിത്യതയിലേക്ക്



**ജോസഫ് വില്ല്യം**
ചക്കാലക്കൽ



**ജോൺ ബേസിൽ**
തെക്കേവിള



**ജോസഫ്**
വാര്യത്ത്



**ജെൻസൻ**
കോയ്മക്കാട്



**കാർമലി**
വട്ടപ്പള്ളി



**ജോൺസൺ**
മഠത്തിപ്പറമ്പിൽ



**പോൾ ജോർജ്ജ് വില്ലി**
കുറ്റിക്കാട്ട്



**സെബാസ്റ്റ്യൻ ജോസഫ്**
വലിയപറമ്പിൽ



**ത്രേസ്യാമ്മ**
കുറ്റിക്കാപ്പറമ്പിൽ



**ജീൻ വർഗ്ഗീസ്**
വലിയപറമ്പിൽ



**പോളി കാർപ്പ് അരൂജ**
പനച്ചിക്കാപറമ്പിൽ



**ആനീസ്**
കോളരിക്കൽ


Baptism
16-07-2023
Kian S Joy
S/o Shyam Joy & Reeba John
Kalloor House, Manjummel


Baptism
16/7/2023
Naethan lian
S/o Anex chinchu &
Lidiya Anex
Mathirappilli house
Manjummel

"Action with Love is Service
Serving the community since 1888."

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED


# ST. JOSEPH'S HOSPITAL TRUST

Manjummel P.O, Kochi - 683 501
Ph: 0484 2555344, Mob: 8893247123



## 24 X 7 CATH LAB FACILITY





**Department of Radiology**
**24 X 7 : 1.5T HD MRI & CT, X-RAY**

## 24 X 7, ICU AMBULANCE, LAB, PHARMACY, ACCIDENT & EMERGENCY CARE

### OUR DEPARTMENTS

- 24 x 7 Emergency Medical services
- Cardiology
- Orthopedics
- Spine surgery
- Plastic Reconstructive Surgery
- Pediatrics & Neonatology
- Internal Medicine / General Medicine
- Dental Services
- Ophthalmology
- (Cataract Surgery)
- General Surgery
- Medical Gastroenterology
- Endoscopy
- Anesthesiology
- Reflexology
- Radiology
- Psychiatry
- ENT
- Audiometry
- Urology
- Obstetrics and Gynecology
- Laparoscopic Surgery
- Physiotherapy
- Rheumatology
- Pulmonology & Respiratory Medicine
- Nephrology
- Dialysis Unit
- Clinical Psychology
- Dermatology
- Neurology
- Acupuncture & Electropathy
- Diabetes Care Clinic
- 24 x 7 Cath Lab Facility

## Department of Gynecology & Obstetrics

"കരുതലോടെ...
മാതൃത്വത്തിലേക്ക്"...



സുരക്ഷ അമ്മയ്ക്കും കുഞ്ഞിനും



എപ്പോഴുമുണ്ട്
ഏറ്റവും മികച്ച
കരുതൽ

**24x7 CRITICAL CARE UNIT.**
**WELL EQUIPPED ICU WITH VENTILATOR SERVICE**